# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 ഓഗസ്റ്റ് 9

# വാർത്താക്കുറിപ്പ്

## അപേക്ഷ തീയതി

നാലാം സെമസ്റ്റർ ബി.വോക് (2018 അഡ്മിഷൻ - റഗുലർ - പുതിയ സ്കീം) പരീക്ഷയ്ക്ക് പിഴ യില്ലാതെ ഓഗസ്റ്റ് 13 വരെയും 525 രൂപ പിഴയോടെ ഓഗസ്റ്റ് 16 വരെയും 1050 രൂപ സൂപ്പർഫൈനോടെ ഓഗസ്റ്റ് 17 വരെയും അപേക്ഷിക്കാം.

(പി.ആർ.ഒ/39/749/2021)

## പുതുക്കിയ പരീക്ഷ തീയതി

2021 ഫെബ്രുവരി 25ന് നടത്താൻ നിശ്ചയിച്ചിരുന്ന ഒന്നും രണ്ടും സെമസ്റ്റർ ബി.ആർക് (2018 അഡ്മിഷൻ - ഇംപ്രൂവ്മെന്റ്/2018ന് മുമ്പുള്ള അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷകൾ ഓഗസ്റ്റ് 12ന് നടക്കും.

(പി.ആർ.ഒ/39/750/2021)

## പ്രാക്ടിക്കൽ

2021 ജൂണിൽ നടന്ന രണ്ടാം സെമസ്റ്റർ എം.എഡ് സ്പെഷൽ എജ്യൂക്കേഷൻ ഇന്റലക്ച്വൽ ഡിസെബിലിറ്റി (ക്രെഡിറ്റ് ആന്റ് സെമസ്റ്റർ - 2019 അഡ്മിഷൻ - റഗുലർ/സപ്ലിമെന്ററി) പരീക്ഷയുടെ പ്രാക്ടിക്കൽ ഓഗസ്റ്റ് 16ന് മൂവാറ്റുപുഴ നിർമല സദൻ ട്രെയിനിംഗ് കോളേജ് ഫോർ സ്പെഷൽ എജ്യൂക്കേഷനിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ് സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/751/2021)

2020 നവംബറിൽ നടന്ന ആറാം സെമസ്റ്റർ ബി.കോം (2013ന് മുമ്പുള്ള അഡ്മിഷൻ - സപ്ലിമെന്ററി/മേഴ്സി ചാൻസ്) പരീക്ഷയുടെ പ്രാക്ടിക്കൽ/വൈവാവോസി പരീക്ഷകൾ ഓഗസ്റ്റ് 16, 17 തീയതികളിൽ അതത് കേന്ദ്രങ്ങളിൽ നടക്കും. വിശദമായ ടൈംടേബിൾ സർവകലാശാല വെബ് സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/752/2021)

## 'ഭിന്നശേഷിക്കാർക്ക് പ്രത്യേക പരിശീലനം നൽകണം'

കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ വീട്ടിൽ കഴിയുന്ന ഭിന്നശേഷി വിഭാഗം വിദ്യാർഥികൾക്ക് പഠന പ്രക്രിയയിൽ പങ്കാളികളാകുന്നതിനും അവരുടെ മാനസികാരോഗ്യം ഉറപ്പുവരുത്തുന്നതിനും വിദ്യാഭ്യാസ പ്രവർത്തകർ കൃത്യമായ ഇടവേളകളിൽ ഗൃഹസന്ദർശനം നടത്തുകയും ആവശ്യമുള്ള കുട്ടികൾക്ക് കൗൺസലിംഗ് നൽകുകയും വേണമെന്ന് മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസസിന് കീഴിലുള്ള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റിസർച്ച് ഇൻ ലേണിംഗ് ഡിസെബിലിറ്റീസ് സ്റ്റഡീസ്, കൗൺസിൽ ഫോർ റിസർച്ച് ഇൻ ലേണിംഗ് ഡിസബിലിറ്റീസുമായി സഹകരിച്ച് സംഘടിപ്പിച്ച അന്തർദ്ദേശീയ വെബിനാർ അഭിപ്രായപ്പെട്ടു.

'കോവിഡ് സാഹചര്യത്തിൽ ഭിന്നശേഷിയുള്ള വിദ്യാർഥികൾ വിദ്യാഭ്യാസ രംഗത്ത് നേരിടുന്ന വെല്ലുവിളികൾ' എന്ന വിഷയത്തെ അധികരിച്ചായിരുന്നു വെബിനാർ.

കോവിഡ് കാലത്ത് ഭിന്നശേഷി വിഭാഗക്കാർ തീർത്തും ഒറ്റപ്പെട്ടുപോകാനുള്ള സാധ്യത കണക്കിലെടുത്ത് ഓൺലൈൻ ക്ലാസുകൾക്ക് ആവശ്യമായ മൊബൈൽ ഫോൺ ഉൾപ്പെടെയുള്ള ഉപകരണങ്ങൾ ലഭ്യമാക്കണമെന്നും രക്ഷിതാക്കൾ നേരിടുന്ന വെല്ലുവിളികൾ, പ്രത്യേക പെരുമാറ്റ പ്രശ്

ഡോ. അബ്ദുൾ സലാം, ഡോ. റനീഷ് റാബെ എന്നിവർ പ്രബന്ധങ്ങൾ അവതരിപ്പിച്ചു. ഡോ. കെ.എം. മുസ്തഫ (ഡയറക്ടർ, ഐ.ആർ.എൽ.ഡി.), സ്മിത കെ. (സെക്രട്ടറി സി.ആർ.എം.എൽ.ഡി.), ഡോ. അസീൽ വാഹിദ് (ഫാറൂഖ് ട്രയിനിംഗ് കോളേജ്), റുബഹെന്ന (ഡിപ്പാർട്ട്മെന്റ് ഓഫ് എജ്യൂക്കേഷൻ ഗവൺമെന്റ് ഓഫ് കേരള), ആശാ ദേവദാസ് (ബാംഗ്ലൂർ യൂണിവേഴ്സിറ്റി) എന്നിവർ ചർച്ചയിൽ പങ്കെടുത്ത് സംസാരിച്ചു.

(പി.ആർ.ഒ/39/753/2021)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ

# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2021 ഓഗസ്റ്റ് 9

# വാർത്താക്കുറിപ്പ് - 2

## പോസ്റ്റ് ഡോക്ടറൽ ഫെലോ ഒഴിവ്

ടിഷ്യൂ എൻജിനീയറിങ്ങിലോ ബയോടെക്നോളജിയിലോ പിഎച്ച്.ഡി യോഗ്യതയുള്ളവർക്ക് മഹാത്മാഗാന്ധി സർവ്വകലാശാലയിൽ നിലവിലുള്ള പോസ്റ്റ് ഡോക്ടറൽ ഫെലോയുടെ ഒഴിവിലേക്ക് അപേക്ഷിക്കാം. വിശദ വിവരങ്ങൾക്ക് യൂണിവേഴ്സിറ്റി വെബ്സൈറ്റ് സന്ദർശിക്കുക.

(പി.ആർ.ഒ/39/754/2021)

**പി.സി. സുരേഷ് കുമാർ**

പബ്ലിക് റിലേഷൻസ് ഓഫീസർ

# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**
പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560
ഫോൺ: 0481 - 2733298

2021 ഓഗസ്റ്റ് 9

## വാർത്താക്കുറിപ്പ് - 3

---

### എം.ജി. ക്യാറ്റ് പ്രവേശന പരീക്ഷ മാറ്റി

മഹാത്മാഗാന്ധി സർവകലാശാലയിലെ വിവിധ പഠനവകുപ്പുകളിലും ഇന്റർ സ്കൂൾ സെന്ററിലും നടത്തുന്ന വിവിധ എം.എ., എം.എസ് സി., എം.റ്റി.റ്റി.എം., എൽ.എൽ.എം., മാസ്റ്റർ ഓഫ് ഫിസിക്കൽ എജ്യൂക്കേഷൻ ആന്റ് സ്പോർട്സ്, എം.എഡ്., എം.ടെക്, ബി.ബി.എ. എൽ.എൽ.ബി. എന്നീ പ്രോഗ്രാമുകളിലേക്ക് 2021-22 അക്കാദമിക വർഷ പ്രവേശനത്തിനായി ഓഗസ്റ്റ് 12, 13 തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്ന ക്യാറ്റ് പ്രവേശന പരീക്ഷ മാറ്റിവച്ചു. പുതുക്കിയ തീയതി പിന്നീട്.

(പി.ആർ.ഒ/39/755/2021)

**പി.സി. സുരേഷ് കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ